# പതിനാലാം കേരള നിയമസഭ
## (പത്താം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2797** **12.03.2018-ൽ മറുപടിയ്ക്ക്**

**ഉൾനാടൻ മത്സ്യ ഉൽപ്പാദനം**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| ഉൾനാടൻ മത്സ്യ ഉൽപാദനം പ്രോത്സാഹിപ്പിക്കാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ; വിശദമാക്കാമോ ? | ഉൾനാടൻ മത്സ്യ ഉൽപാദനം പ്രോത്സാഹിപ്പിക്കാൻ ഈ സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |

**സെക്ഷൻ ആഫീസർ**

# അനുബന്ധം

ഉൾനാടൻ മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ജനകീയ മത്സ്യ കൃഷി രണ്ടാം ഘട്ടം പദ്ധതി. ഉൾനാടൻ മത്സ്യകൃഷി വികസനത്തിനായി 2017-18 സാമ്പത്തിക വർഷം വിവിധ പദ്ധതികൾ ക്കായി 48.88 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഉൾനാടൻ മത്സ്യസമ്പത്ത് സംരക്ഷണത്തിനും പരിപാലനത്തിനുമായി 350 ലക്ഷം രൂപയുടെ പദ്ധതികളും മത്സ്യോല്പാദന കേന്ദ്രങ്ങളും ഹാച്ചറികളും സ്ഥാപിക്കുന്നതിനായി 900 ലക്ഷം രൂപയുടെ പദ്ധതികളും, നിലവിലുളള ഫാമുകളുടെയും ഹാച്ചറികളുടെയും വികസനങ്ങൾക്കും പ്രവർത്തനങ്ങൾക്കുമായി 800 ലക്ഷം രൂപയുടെ പദ്ധതികളും ജലകൃഷി വ്യാപന പ്രവർത്തനങ്ങൾക്കായി 2838 ലക്ഷം രൂപയുടെ പദ്ധതി കളും അതിൽ ഉൾപ്പെടുന്നു.

2017-18 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിവരുന്ന ജനകീയ മത്സ്യകൃഷി രണ്ടാം ഘട്ടം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന ഘടക പദ്ധതികൾ ചുവടെ ചേർക്കുന്നു._

1. മാതൃകാ ശുദ്ധജല മത്സ്യകൃഷി ഫാമുകൾ
2. ചെറുകുളങ്ങളിലെ ശുദ്ധജല മത്സ്യകൃഷി
3. വലിയ കുളങ്ങളിലെ ശുദ്ധജല മത്സ്യകൃഷി
4. ചെമ്മീൻ കൃഷി
5. പാടശേഖരങ്ങളിലെ മത്സ്യകൃഷി

കൂടാതെ ബ്ലൂ റെവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 2017-18 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്നതിനായി 9 പദ്ധതികൾക്ക് 2530 ലക്ഷം രൂപയുടെ കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. ടി പദ്ധതി പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്.

മത്സ്യോത്പാദനം വർദ്ധിപ്പിക്കാനായി 2017-18 സാമ്പത്തിക വർഷം മത്സ്യസമ്പ ത്തിന്റെ സംരക്ഷണത്തിനും പരിപാലനത്തിനുമായി ഗ്രീൻ ബുക്കിലുൾപ്പെടുത്തി 350 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ നശിച്ചു പോയ ജലാശയ ആവാസ വ്യവസ്ഥ പുനഃസ്ഥാപിക്കുന്നതിനും മത്സ്യങ്ങളുടെ പ്രജനനം ഫലപ്രദമായി നടന്ന് കൂടുതൽ മത്സ്യങ്ങൾ ഉല്പാദിപ്പിക്കുന്നതിനുമായി മത്സ്യസങ്കേതങ്ങൾ നിർമ്മിക്കു ന്നതിനും കണ്ടൽ കാടുകൾ വച്ചു പിടിപ്പിക്കുന്നതിനുമായി അഷ്ടമുടികായൽ,

വേമ്പനാട് കായൽ, ബാക്ക് വാട്ടേഴ്സ് ഓഫ് കണ്ണൂർ, കോഴിക്കോട് എന്നിവിടങ്ങളിലേക്കായി 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആയത് സ്ഥാപിക്കുന്നതിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. കൂടാതെ 2017-18 സാമ്പത്തിക വർഷം മത്സ്യസമ്പത്ത് സംരക്ഷണവും പരിപാലനവും ഘടകത്തിൽ ഉൾപ്പെടുത്തി മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി പൊതുജലാശയങ്ങളിൽ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതിയ്ക്കായി 253 ലക്ഷം രൂപയുംം വകയിരുത്തിയിട്ടുണ്ട്. ആയതനുസരിച്ച് മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി കാർപ്പ്, കരിമീൻ, കണമ്പ്, പൂമീൻ, എയർ ബ്രീത്തിംഗ് മത്സ്യങ്ങൾ, ചെമ്മീൻ തുടങ്ങിയ മത്സ്യകുഞ്ഞുങ്ങളെ ഉൾനാടൻ ജലാശയങ്ങളിൽ നിക്ഷേപിച്ച് മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാൻ പദ്ധതി നടപ്പിലാക്കുന്നു. കൂടാതെ 2016-19 വർഷം തെക്കൻ വേമ്പനാട് കായലിലെ 'കക്ക' പുനരുജ്ജീവന പദ്ധതിയിൽ ഉൾപ്പെടുത്തി 'കക്ക' സമ്പത്ത് വർദ്ധിപ്പിക്കാൻ 38 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നു.

ഉൾനാടൻ മത്സ്യലഭ്യത വർദ്ധിപ്പിക്കുന്നതിനും നൂതന മത്സ്യകൃഷി രീതി വ്യാപിപ്പിക്കുന്നതിനുമായി നൂതന മത്സ്യകൃഷിയുടെ പ്രദർശനകുളങ്ങൾ നടപ്പിലാക്കുന്നതിന് 2016-17 സാമ്പത്തിക വർഷം 550 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ 9 ഓളം പദ്ധതികൾ നടപ്പിലാക്കി •

2016-17 സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തി മത്സ്യകൃഷിയ്ക്കായി പുതിയ കുളങ്ങൾ നിർമ്മിക്കുന്നതിനും നിലവിലുള്ള കുളങ്ങൾ പുനരുദ്ധാരണം ചെയ്യുന്നതിനും, ഓരുജലാശയങ്ങളിലെ കൂടു കൃഷി പരിശീലനം എന്നീ പദ്ധതികൾക്കായി 1002.6 ലക്ഷം രൂപയുടെ കേന്ദ്രാനുമതി ലഭിച്ച് പദ്ധതികൾ നടപ്പിലാക്കി.

ഇതിനു പുറമെ ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് 2016-17 വർഷത്തിൽ കേരളത്തിലെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ മത്സ്യസമൃദ്ധി 11 പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

കൂടാതെ ജലകൃഷി വികസനം സാധ്യമാക്കുന്നതിനായി ഫിഷറീസ് വകുപ്പ് അഡാക്ക് മുഖേന കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയത്തിന്റെ നാഷണൽ അഡാപ്റ്റേഷൻ ഫണ്ട് ഫോർ ക്ളൈമറ്റ് ചെയ്ഞ്ചിൽ ഉൾപ്പെടുത്തിയ 25 കോടി രൂപയുടെ കൈപ്പാട്-പൊക്കാളി നിലങ്ങളിലെ സംയോജിത മത്സ്യ-നെൽകൃഷി പദ്ധതി അഡാക്ക് മുഖേന (2015-2019 സാമ്പത്തിക വർഷം) നടപ്പാക്കി വരുന്നു. പദ്ധതി പ്രകാരം കണ്ണൂർ (300 ഹെക്ടർ) എറണാകുളം (100 ഹെക്ടർ) തൃശ്ശൂർ (100 ഹെക്ടർ) ആലപ്പുഴ (100 ഹെക്ടർ) എന്നിവിടങ്ങളിലായി നടപ്പാക്കി വരുന്നു.

ഇതിനു പുറമെ 2017-2020 സാമ്പത്തിക വർഷങ്ങളിൽ ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, കാസർകോഡ് എന്നീ ജില്ലകളിലായി 4000 ഹെക്ടർ പ്രദേശത്ത് കൈപ്പാട് പൊക്കാളി സംയോജിത നെല്ല് ചെമ്മീൻ കൃഷി പദ്ധതി നടപ്പിലാക്കുന്നതിനായി 296 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാരിന് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ആഫീസർ